# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER 16 | 2021 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ്-4

ഫോൺ : 04735-202664

www.sabarimal.kerala..gov.in, prdsabarimala2021@gmail.com

---

**ശബരിമലയിൽ ദേവസ്വം ബോർഡിന്റെ അന്നദാനം തുടങ്ങി**

ശബരിമല ക്ഷേത്രത്തിൽ മണ്ഡല-മകരവിളക്ക് തീർഥാടനത്തോട് അനുബന്ധിച്ച് ദേവസ്വം ബോർഡിന്റെ അന്നദാന മണ്ഡപത്തിൽ സൗജന്യ ഭക്ഷണ വിതരണം ആരംഭിച്ചു. അന്നദാനത്തിന്റെ ഉദ്ഘാടനം ദേവസ്വം വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ അയ്യപ്പന്മാർക്ക് പ്രഭാത ഭക്ഷണം വിളമ്പി നിർവഹിച്ചു. മൂന്നു നേരവും ഇവിടെ നിന്നും ഭക്ഷണം ലഭിക്കും. രാവിലെ ഏഴു മുതൽ 10 വരെ ഉപ്പുമാവും, കടലയും, ചുക്ക്കാപ്പിയും 10.30 മുതൽ ഉച്ച കഴിഞ്ഞ് മൂന്നു വരെ പുലാവും സാലഡും അച്ചാറും ഉൾപ്പെടുന്ന ഉച്ചഭക്ഷണവും, വൈകുന്നേരം അഞ്ചു മുതൽ ഉപ്പുമാവും, കടലയും, ചുക്ക് കാപ്പിയും ലഭിക്കും.

ബൊഫേ രീതിയിലാണ് ഭക്ഷണം നൽകുന്നത്. കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊ ് നടത്തുന്നതിനാൽ പേപ്പർ പ്ലേറ്റ്, പേപ്പർ ഗ്ലാസുകളാണ് അന്നദാനത്തിനായി ഉപയോഗിക്കുന്നത്. ഒരേ സമയം 5000 പേർക്ക് ഭക്ഷണം നൽകാൻ കഴിയുന്നതാണ് ദേവസ്വം ബോർഡ് അന്നദാന മണ്ഡപം. നിലവിൽ ഒരു സ്പെഷ്യൽ ഓഫീസർ ഉൾപ്പെടെ പാചകം ചെയ്യുന്നതിന് 12 പേരും, ക്ലീനിംഗിനും മറ്റ് ദൈനം ദിന പ്രവർത്തനങ്ങൾക്കുമായി 40 പേരും, 12 ദേവസ്വം സ്റ്റാഫുമാണ് ഉള്ളത്. സന്നിധാനത്തെ തിരക്ക് വർധിക്കുന്നതിന് അനുസരിച്ച് കൂടുതൽ ആളുകളെ ദൈനംദിന പ്രവർത്തികൾക്കായി നിയോഗിക്കും.

ഉദ്ഘാടന ചടങ്ങിൽ എംഎൽഎമാരായ അഡ്വ. പ്രമോദ് നാരായൺ, അഡ്വ. കെ.യു. ജനീഷ് കുമാർ, ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപൻ, ദേവസ്വം ബോർഡ് അംഗങ്ങളായ പി.എം. തങ്കപ്പൻ, അഡ്വ. മനോജ് ചരളേൽ, സ്പെഷ്യൽ കമ്മീഷണർ എം. മനോജ്, ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ കൃഷ്ണകുമാർ വാര്യർ, അസി. എക്സിക്യൂട്ടീവ് ഓഫീസർ പി.എൻ. ഗണേശൻ പോറ്റി, എക്സിക്യൂട്ടീവ് എൻജിനീയർ അജിത് കുമാർ തുടങ്ങിയവർ പങ്കെടുത്തു.(പി.ആർ. ശബരി-9)

